**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2208** **04.11.2019**- ൽ മറുപടിയ്ക്ക്

## അഗതി മന്ദിരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സർക്കാർ അഗതി മന്ദിരങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | 1) വൃദ്ധസദനം, തൃശ്ശൂർ<br>2) പ്രത്യാശാ ഭവൻ, തൃശ്ശൂർ, (സ്ത്രീകൾ)<br>3) ആശാഭവൻ, തൃശ്ശൂർ (പുരുഷന്മാർ) |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിലെ സംവിധാനങ്ങൾ, സേവനങ്ങൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | **വൃദ്ധസദനം**:- സംസ്ഥാനത്തെ വൃദ്ധസദനത്തിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന മ്യൂസിക് തെറാപ്പി, മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും, പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്ന വയോമധുരം പദ്ധതി, താമസക്കാരുടെ ആയുർവേദ ചികിത്സക്കായിട്ടുള്ള വയോ അമൃതം പദ്ധതി, വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവ്വം ചെലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും ചെറുവരുമാനാധിഷ്ഠിത സംരംഭങ്ങൾ, താമസക്കാർക്ക് ശാരീരിക മാനസികാ-രോഗ്യത്തിനായി നടപ്പാക്കുന്ന യോഗാ തെറാപ്പി, ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് നടപ്പാക്കുന്ന Psychosocial Care in Elderly Persons in Old Age Homes, ദമ്പതികൾക്ക് താമസിക്കുവാൻ പ്രത്യേകം |

| | | | |
|---|---|---|---|
| | | | മുറി, എല്ലാ താമസക്കാർക്കും പ്രത്യേകം ലോക്കർ സംവിധാനം, വൃദ്ധ സദനങ്ങളിലെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനു പ്രാധാന്യം നൽകുന്ന തരത്തിൽ സേവന സന്നദ്ധരായ സംഘടനകളുടെ സഹായത്തോടുകൂടി വിനോദങ്ങളുടെ ഭാഗമായി ചെറുയാത്രകൾ എന്നിവ സംഘടിപ്പിയ്ക്കുന്നു.<br>**<u>പ്രത്യാശാ ഭവൻ</u>**:- മാനസിക വെല്ലുവിളികൾ നേരിടുന്ന 18 വയസ്സ് കഴിഞ്ഞ അഗതികളോ, നിരാലംബരോ ആയ സ്ത്രീകളുടെ സംരക്ഷണം, പരിശീലനം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. താമസക്കാരിൽ ചിലർ സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്നുണ്ട്. സർക്കാർ മാനസിക രോഗാശുപത്രിയിൽ നിന്നും ഒരു ഡോക്ടർ സ്ഥിരമായി താമസക്കാരെ പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. റേഡിയോ, ടെലിവിഷൻ സൗകര്യങ്ങൾ, താമസക്കാരുടെ ശാരീരിക മാനസികാരോഗ്യത്തിനായി യോഗാ തെറാപ്പി, ഉല്ലാസത്തിനായി സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി വിനോദയാത്രകൾ എന്നിവ അന്തേവാസി-കൾക്ക് ലഭ്യമാക്കുന്നു.<br>**<u>ആശാഭവൻ</u>**:- മാനസിക രോഗ ചികിത്സയിലൂടെ നിയന്ത്രണ വിധേയരായവരും, ബന്ധുക്കളാരും സ്വീകരിക്കാത്തവരുമായ പതിനെട്ടു വയസ്സു കഴിഞ്ഞവരുടെ സംരക്ഷണത്തിനും, ക്ഷേമത്തിനും, പുനരധിവാസത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. താമസക്കാരുടെ ശാരീരിക മാനസികാരോഗ്യത്തിനായി സ്ഥിരമായി യോഗാ തെറാപ്പി നൽകി വരുന്നുണ്ട്. കൂടാതെ ക്യാരംസ്, ബാഡ്മിന്റൺ എന്നിവയ്ക്കുള്ള സൗകര്യം സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. പകൽ സമയങ്ങളിൽ വിവിധ തരത്തിലുള്ള സ്വയം തൊഴിലുകൾ |

| | | | |
|---|---|---|---|
| | | | അഭ്യസിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിനോദ യാത്രകൾ സംഘടിപ്പിക്കാറുണ്ട്, ടെലിവിഷൻ കാണുന്നതിനുള്ള സൗകര്യം, താമസക്കാരുടെ സാധനങ്ങൾ വെവ്വേറെ സൂക്ഷിക്കാനുള്ള സൗകര്യം എന്നിവ ഏർപ്പാടാക്കിയിട്ടുണ്ട്. താമസക്കാരുടെ ആരോഗ്യ പരിശോധനയ്ക്കായി മാസത്തിൽ 2 തവണ മെഡിക്കൽ ഓഫീസറുടെ (പാർട്ട് ടൈം) സേവനം ലഭ്യമാണ്. |
| (സി) | സർക്കാർ അഗതി മന്ദിരങ്ങളിൽ ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്ന-തിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (സി) | **<u>നടപടിക്രമങ്ങൾ</u>**:- അപേക്ഷകൻ നേരിട്ട് സ്ഥാപനത്തി-ലെത്തി സൂപ്രണ്ടിന് മുൻപാകെ അപേക്ഷ സമർപ്പിക്കാം.തപാൽ മൂലമോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ/നിർദ്ദേശങ്ങൾ എന്നിവ മുഖാന്തിരം പ്രവേശനം അനുവദിക്കാം.<br>മേൽ സൂചിപ്പിച്ചിട്ടുള്ള ഏത് മാർഗ്ഗത്തിലൂടെ ലഭിക്കുന്ന അപേക്ഷയാണെങ്കിലും സ്ഥാപന സൂപ്രണ്ട്, സോഷ്യൽ വർക്കർ, കൗൺസിലർ എന്നിവർ ചേർന്ന് പ്രവേശനം ആഗ്രഹിക്കുന്ന വ്യക്തിയുമായി നേരിൽ സംസാരിച്ച ശേഷം സംരക്ഷണത്തിനുള്ള ആവശ്യകത, അർഹത എന്നിവ മനസ്സിലാക്കിയ ശേഷം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അംഗീകാരത്തിന് വിധേയമായി സ്ഥാപന സൂപ്രണ്ടിന് പ്രവേശനം അനുവദിക്കാവു-ന്നതാണ്. പ്രവേശനം സംബന്ധിച്ച് സർക്കാർ അംഗീകരിച്ച മാനേജ്മെന്റ് മാന്വൽ പ്രകാരമാണ് പ്രവേശനം നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**